# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **സെപ്റ്റംബർ 30**<br>**September 30** | **2019** |

***1193 കന്നി* 14 തിങ്കൾ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ബ്യൂറോ ചീഫുമാരുടെ ശ്രദ്ധയ്ക്ക്**

കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാധ്യമപ്രവർത്തകർക്കുള്ള മീഡിയാ പാസിന് അപേക്ഷിക്കാം. കൗ ിംഗ് പാസ് ഇലക്ട്രോണിക് മീഡിയയിൽനിന്ന് ര ുപേർക്കും (ഒരു റിപ്പോർട്ടർ, ഒരു ക്യാമറാമാൻ), അച്ചടിമാധ്യമത്തിൽനിന്ന് ഒരാൾക്കും മാത്രമേ അനുവദിക്കൂ.പേര്, തസ്തിക, സ്ഥാപനം, ഫോൺ നമ്പർ എന്നിവ ഉൾപ്പെട്ട പട്ടിക ര ു വീതം ഫോട്ടോകൾ ഉൾപ്പെടെ ബ്യൂറോ ചീഫിന്റെ സാക്ഷ്യപത്രത്തോടെ സമർപ്പിക്കണം.

പ്രത്യേക ശ്രദ്ധയ്ക്ക്: പോളിംഗ്, കൗ ിംഗ് ദിനങ്ങൾക്ക് വെവ്വേറെ അപേക്ഷകൾ വേണം. പോളിംഗ്, കൗ ിംഗ് പാസുകൾക്ക് ര ു വീതം ആകെ നാല് ഫോട്ടോസ് വേണം. ഒക്ടോബർ ഒന്നിന് വൈകിട്ട് നാലിന് മുൻപായി ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭ്യമാക്കണമെന്ന് അഭ്യർഥിക്കുന്നു. ഫോട്ടോ സ്റ്റേപ്പിൾ ചെയ്യുന്നതിനുള്ള ഫോം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

**ഗാന്ധിജയന്തി വാരാഘോഷം:**
**വീഡിയോ നിർമിച്ചും ഫോട്ടോ എടുത്തും സമ്മാനം നേടാം**

മഹാത്മാ ഗാന്ധിയുടെ 150-ാം ജൻമവാർഷികാഘോഷത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് സംസ്ഥാനതലത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഹ്രസ്വ ചലച്ചിത്ര നിർമാണം, ഡിജിറ്റൽ പോസ്റ്റർ നിർമാണം, ഫോട്ടോഗ്രഫി

എന്നിവയിലാണ് മത്സരം. ഗാന്ധിയന്‍ മാതൃക എന്ന നിലയില്‍ സമൂഹത്തില്‍ ഫലപ്രദമായി നടപ്പാക്കാവുന്ന ഒരു ആശയത്തില്‍ 60 സെക്കന്റ് ദൈര്‍ഘ്യമുള്ള ഹ്രസ്വചലച്ചിത്രമാണ് മത്സരത്തിനയയ്ക്കേ ത്. ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടികളിലെ ഗാന്ധിയന്‍ പ്രവൃത്തികളും വിഷയമാക്കാം. ഒന്നാം സമ്മാനം 25,000 രൂപയും ര ാം സമ്മാനം 15,000 രൂപയും മൂന്നാം സമ്മാനം 10000 രൂപയുമാണ്. എംപിഇജി 4 ഫോര്‍മാറ്റിലാണ് വീഡിയോ സമര്‍പ്പിക്കേ ത്. ഫയല്‍ സൈസ് 500 എംബിയില്‍ കൂടരുത്.

ഗാന്ധിജിയുടെ ജീവിതവും പ്രവര്‍ത്തനവും/ രചനകളും എന്ന വിഷയത്തിലാണ് ഡിജിറ്റല്‍ പോസ്റ്റര്‍ നിര്‍മാണ മത്സരം. പതിനായിരം രൂപയാണ് ഒന്നാം സമ്മാനം. ര ാം സമ്മാനം 5000 രൂപയും മൂന്നാം സമ്മാനം 3000 രൂപയുമാണ്. പോസ്റ്ററിന് 950x850 പിക സ്സല്‍ റസല്യൂഷനു ാവണം. ജെപെഗ് ഫോര്‍മാറ്റില്‍ വേണം സമര്‍പ്പിക്കേ ത്. ഫയല്‍ സൈസ് ര ് എംബിയില്‍ കൂടരുത്. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന ഗാന്ധിവാക്യമാണ് ഫോട്ടോഗ്രാഫി മത്സരത്തിന്റെ വിഷയം. ഒന്നാം സമ്മാനം 10000 രൂപയും ര ാം സമ്മാനം 5000 രൂപയും മൂന്നാം സമ്മാനം 3000 രൂപയുമാണ്. ജെപെഗ് ഫോര്‍മാറ്റില്‍ സമര്‍പ്പിക്കണം. ഫയല്‍ സൈസ് മൂന്ന് എംബിയില്‍ കുറയരുത്. ഒക്ടോബര്‍ 30 നകം എന്‍ട്രികള്‍ iprddirector@gmail.com ല്‍ അയയ്ക്കണം. വിശദവിവരങ്ങള്‍ വകുപ്പ് ഡയറക്ട്രേറ്റില്‍ ലഭിക്കും. ഫോണ്‍: 0471 – 2517261, 2518678.

(പിഎന്‍പി 2697/19)

## എഫ്.എല്‍.സി പൂര്‍ത്തിയാക്കിയ വോട്ടിംഗ് മെഷിനുകളില്‍ 10 ശതമാനം പുറത്തെടുത്തു

കോന്നി ഉപതെരഞ്ഞെടുപ്പിനായി കളക്ടറേറ്റ് സ്ട്രോങ് റൂമില്‍ സൂക്ഷിച്ചിരിക്കുന്ന ഫസ്റ്റ് ലെവല്‍ ചെക്കിംഗ് (എഫ്.എല്‍.സി) പൂര്‍ത്തിയാക്കിയ ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകളില്‍ 10 ശതമാനം പുറത്തെടുത്തു. പോളിംഗ് ഉദ്യോഗസ്ഥര്‍ക്ക് ട്രെയിനിംഗിനും അവയര്‍നെസ് പരിപാടികള്‍ക്കുമായാണ് ജില്ലാ കളക്ടര്‍ പി.ബി നൂഹിന്റെ നേതൃത്വത്തില്‍ 22 വോട്ടിംഗ് മെഷിനുകള്‍ പുറത്തെടുത്തത്. ഉപതെരഞ്ഞെടുപ്പിനായി 430 വോട്ടിംഗ് മെഷിനുകളാണ് കളക്ടറേറ്റില്‍ സൂക്ഷിച്ചിരിക്കുന്നത്. കോന്നി മണ്ഡലത്തില്‍ ആകെ 212 ബൂത്തുകളാണുള്ളത്. (പിഎന്‍പി 2698/19)

## ക്വിസ് മത്സരം ഇന്ന്

മഹാത്മാഗാന്ധിയുടെ 150–ാം ജന്മവാര്‍ഷികത്തോട് അനുബന്ധിച്ച് ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസുമായി സഹകരിച്ച് ജില്ലാ ആയുര്‍വേദ വിഭാഗം ആയുര്‍വേദ ഡോക്ടര്‍മാര്‍ക്കായി ഇന്ന് (ഒക്ടോബര്‍ 1) ക്വിസ് മത്സരം നടത്തും. ജില്ലാ പഞ്ചായത്ത് ഹാളില്‍ രാവിലെ 10ന് നടക്കുന്ന കോണ്‍ഫറന്‍സ് കഴിഞ്ഞ് മത്സരം നടത്തുമെന്ന് ഡിഎംഎ(ആയുര്‍വേദം) ഡോ.ഷീല മാബ്ലറ്റ് അറിയിച്ചു. (പിഎന്‍പി 2699/19)

## വനിതാ കമ്മീഷന്‍ അദാലത്ത്

സംസ്ഥാന വനിതാ കമ്മീഷന്‍ ഒക്ടോബര്‍ മൂന്നിന് രാവിലെ 10.30 മുതല്‍ കളക്ട റേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ മെഗാ അദാലത്ത് നടത്തും. (പിഎന്‍പി 2700/19)

## മത്സരപരീക്ഷാ പരിശീലനത്തിന് ധനസഹായം

പിന്നാക്ക സമുദായത്തില്‍പ്പെട്ട ഉദ്യോഗാര്‍ഥികള്‍ക്കും വിദ്യാര്‍ഥികള്‍ക്കും കേന്ദ്ര സംസ്ഥാന സര്‍വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ

മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കാം. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം ആൻഡ് ട്രെയിനിംഗ് പദ്ധതി പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പാണ് ധനസഹായം ലഭ്യമാക്കുന്നത്. മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ്, സിവിൽ സർവീസ്, ഗേറ്റ്/മാറ്റ്, യുജിസി/നെറ്റ്/ജെആർഎഫ് തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് പ്രശസ്തിയും സേവന പാരമ്പര്യവും മുൻവർഷങ്ങളിൽ മികച്ച റിസൾട്ട് സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവരായിരിക്കണം അപേക്ഷകർ. ഓൺലൈനായി www.eep.bcdd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഒക്ടോബർ 20നകം അപേക്ഷ സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും രജിസ്ട്രേഷൻ നടത്തി ഒരാഴ്ച്ചയ്ക്കകം പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ആഫീസിൽ ലഭ്യമാക്കണം. ഫോൺ: 0484 2429130. (പിഎൻപി 2701/19)

## പെയിന്റിംഗ് മത്സരം

ഗാന്ധിജയന്തിയോടനുബന്ധിച്ച് ഒക്ടോബർ രിന് അനർട്ടിന്റെ ആഭിമുഖ്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിദ്യാർഥികൾക്കായി സൗരോർജം നല്ല ഭാവിക്കായി എന്ന വിഷയത്തിൽ പത്തനംതിട്ട മർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 11ന് പെയിന്റിംഗ് മത്സരം നടത്തും. കൂടുതൽ വിവരം അനർട്ട് ജില്ലാ ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2224096, 9188119403. (പിഎൻപി 2702/19)

## പ്രീമെട്രിക് സ്കോളർഷിപ്പ്

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽ (ഒബിസി) ഉൾപ്പെട്ട വിദ്യാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. സ്കൂളിൽ ലഭ്യമാകുന്ന അപേക്ഷകൾ സംബന്ധിച്ച വിവരം സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി ഒക്ടോബർ 31 വരെ ഡാറ്റാ എൻട്രി നടത്താം. അപേക്ഷയുടെ മാതൃകയും കൂടുതൽ വിവരവും www.bcdd.kerala.gov.in, www.scholarship.itschool.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0484 2429130. (പിഎൻപി 2703/19)

## വെച്ചൂച്ചിറ നവോദയയ്ക്ക് സ്വപ്ന സാഫല്യം

ഇന്ത്യൻ പാർലമെന്റ് മന്ദിരത്തിലെ ജി. എം. സി. ബാലയോഗി ഓഡിറ്റോറിയത്തിൽ ക്ഷണിക്കപ്പെട്ട സദസിനെ സാക്ഷിയാക്കി സെപ്റ്റംബർ 20ന് പാർലമെന്ററി കാര്യ മന്ത്രി അർജുൻ റാം മെഘ്വാളിൽ നിന്നും ദേശീയ യൂത്ത്പാർലമെന്റ് വിജയികൾക്കുള്ള ട്രോഫിയും പ്രശംസ്തിപത്രവും പ്രിൻസിപ്പാൾ ആർ.ജി നന്ദകുമാറിന്റെ നേതൃത്വത്തിലുള്ള 56 അംഗ സംഘം ഏറ്റുവാങ്ങിയ ചരിത്ര നിമിഷം വെച്ചൂച്ചിറ ജവഹർ നവോദയ വിദ്യാലയത്തിന്റെ സ്വപ്ന സാഫല്യത്തിന്റെയും നിമിഷമായി.

പാർലമെന്ററി കാര്യമന്ത്രാലയം ആതിഥ്യം വഹിച്ച ചടങ്ങിൽ അന്റോ ആന്റണി എംപി, നവോദയ വിദ്യാലയ സമിതി കമ്മീഷണർ ശ്രീ. ബിശ്വജിത് കുമാർ സിംഗ് തുടങ്ങി ഒട്ടേറേ പ്രമുഖർ പങ്കെടുത്തു.

കേന്ദ്ര പാർലമെന്ററി കാര്യമന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ നവോദയ വിദ്യാലയങ്ങൾക്കായി സംഘടിപ്പിച്ച യൂത്ത്പാർലമെന്റ് മത്സരങ്ങളിൽ രാജ്യത്തെ എട്ടു മേഖലകളിൽ നിന്നുള്ള വിവിധ സകൂളുകളെ പിന്തള്ളിയാണ് വെച്ചൂച്ചിറ നവോദയ വിദ്യാലയം

ഈ നേട്ടം കരസ്ഥമാക്കിയത്.

പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരായ കെ.ജെ.തോമസ്, ജോൺ ജോസഫ്, പി.എം.മാത്യു, തുടങ്ങിയവരുടെയും നേതൃത്വത്തിൽ നൽകിയ മികവാർന്ന പരിശീലനമാണ് ര ുവർഷത്തോളം നീ മത്സരപരമ്പരകൾക്കൊടുവിൽ വിദ്യാർഥികൾക്ക് വിജയകിരീടമണിയാൻ സഹായകമായത്. (പിഎൻപി 2704/19)

## എയർമെൻ റിക്രൂട്ട്മെന്റ് ഒക്ടോബർ 21 മുതൽ 23 വരെ കോയമ്പത്തൂരിൽ

ഇന്ത്യൻ എയർഫോഴ്സ് എയർമെൻ ഗ്രൂപ്പ് എക്സ് എജ്യുക്കേഷൻ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് റിക്രൂട്ട്മെന്റ് റാലി ഒക്ടോബർ 21 മുതൽ 23 വരെ കോയമ്പത്തൂരിൽ നടക്കും. കേരളത്തിലേയും ലക്ഷദ്വീപിലേയും ഉദ്യോഗാർഥികൾക്കായി നടത്തുന്ന റിക്രൂട്ട് മെന്റ് കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റി ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗം ഇൻഡോർ സ്റ്റേഡിയത്തിലാണ്. ഒക്ടോബർ 21ന് രാവിലെ ആറ് മുതൽ 10വരെ ഉദ്യോഗാർഥികൾക്ക് റിപ്പോർട്ട് ഇവിടെ ചെയ്യാം. 21ന് ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റും എഴുത്ത് പരീക്ഷയും നടക്കും. 22ന് അഡാപ്റ്റബിലിറ്റി ടെസ്റ്റ്-1, ഇൻസ്ട്രക്ഷനൽ എബിലിറ്റി ടെസ്റ്റ് എന്നിവയും 23ന് അഡാപ്റ്റബിലിറ്റി ടെസ്റ്റ്-2 എന്നിവയുമാണ് നടക്കുന്നത്. കൂടുതൽ വിവരങ്ങൾ www.airmenselection.cdac.in എന്ന പോർട്ടലിൽ നിന്നും അറിയാം. റിക്രൂട്ട്മെന്റ് പബ്ലിസിറ്റി ക്യാമ്പയിൻ ജില്ലയിൽ ബിഎഡ് കോളേജുകളിൽ നടത്തിയതായി എയർമെൻ സെലക്ഷൻ സെന്റർ(എഎസ്സി) കമാൻഡിംഗ് ഓഫീസർ അറിയിച്ചു.

(പിഎൻപി 2705/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ദേശീയ യൂത്ത്പാർലമെന്റ് വിജയികൾക്കുള്ള ട്രോഫിയും പ്രശംസ്തിപത്രവും സ്വീകരിച്ച് വെച്ചൂച്ചിറ നവോദയ വിദ്യാലയത്തിൽ നിന്നുള്ള ടീം.
2) എഫ്.എൽ.സി പൂർത്തിയാക്കിയ ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകളിൽ 10 ശതമാനം പുറത്തെടുക്കുന്നതിനായി ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിൽ സ്ട്രോംഗ് റൂം തുറക്കുന്നു.
3) കോന്നി ഉപതെരഞ്ഞെടുപ്പിനായി കളക്ടറേറ്റ് സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫസ്റ്റ് ലെവൽ ചെക്കിംഗ് (എഫ്.എൽ.സി) പൂർത്തിയാക്കിയ ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകൾ ജില്ലാ കളക്ടർ പരിശോധിക്കുന്നു.








വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.